പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1738 — 17.06.2013-ൽ മറുപടിക്ക്

## ദേശീയ പാതയോരത്തെ മദ്യഷാപ്പുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ദേശീയ പാതയോരത്തെ മദ്യഷാപ്പുകൾ അടച്ചുപൂട്ടുന്നതിനുള്ള സുപ്രീം കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിൽ നിന്ന് ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 185-ാം വകുപ്പ് കർശനമായി നടപ്പാക്കുന്നതിന്റെ ഭാഗമായി, ദേശീയ പാതയോരങ്ങളിലെ മദ്യവിൽപ്പന കേന്ദ്രങ്ങൾ നീക്കം ചെയ്യണമെന്നും, ദേശീയ പാതയോരങ്ങളിൽ മദ്യവിൽപ്പന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പുതുതായി ലൈസൻസുകൾ അനുവദിക്കരുതെന്നും, ഇതിനകം ലൈസൻസ് നൽകിയ കേസുകൾ പുനഃപരിശോധിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട്, കേന്ദ്ര ഗതാഗത മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നതിനാണ് സർക്കാർ ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | (സി) യും (ഡി)യും ബാധകമല്ല. |
| (ഡി) | ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ നൽകുമോ? | | |

സെക്ഷൻ ഓഫീസർ